**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6529** **08/11/2016-ൽ മറുപടിക്ക്**

## കാഞ്ഞിരംകുളം മർമ്മ ആയുർവ്വേദ ആശുപത്രി

**ചോദ്യം**
ശ്രീ.എം. വിൻസെന്റ്

**മറുപടി**
ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിൽ പത്ത് കിടക്കകളുള്ള കാഞ്ഞിരംകുളം മർമ്മ ആയുർവ്വേദ ആശുപത്രി നൂറ് കിടക്കകളുള്ള മർമ്മാശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; ആയതിലേക്കുള്ള നടപടി തുടങ്ങിയിട്ടുണ്ടോ; ഈ നിലവാരത്തിലുള്ള ആശുപത്രിക്ക് വേണ്ട മർമ്മ മെഡിക്കൽ ആഫീസർ തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചുവരുന്നു. പ്രസ്തുത ആശുപത്രിയ്ക്കനുവദിച്ചിട്ടുള്ള 250 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | കാഞ്ഞിരംകുളം ആയുർവ്വേദ ആശുപത്രിയിൽ സ്പോർട്ട്സ് മെഡിസിൻ (Sports Medicine) വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; കായിക താരങ്ങൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിന് സ്പോർട്ട്സ് മെഡിസിൻ മെഡിക്കൽ ഓഫീസർ (Sports Medicine Medical Officer) തസ്തികയുടെ യോഗ്യത എം.ഡി (MD) മർമ്മ അല്ലെങ്കിൽ ശല്യതന്ത്രം ആയി നിജപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; ഈ വിഷയത്തിൽ സ്വീകരിക്കുന്ന നടപടി വിശദമാക്കുമോ; | (ബി) | കാഞ്ഞിരംകുളം മർമ്മ ആയുർവേദ ആശുപത്രിയിൽ സ്പോർട്ട്സ് മെഡിസിൻ (Sports Medicine) വിഭാഗം പ്രവർത്തിക്കുന്നുണ്ട്. സ്പോർട്സ് മെഡിസിൻ മെഡിക്കൽ ഓഫീസർ (Sports Medicine Medical Officer) തസ്തികയുടെ യോഗ്യത എം.ഡി.(MD) മർമ്മ അല്ലെങ്കിൽ ശല്യതന്ത്രം ആയി നിജപ്പെടുത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ഗവ. ആയുർവേദ മർമ്മ ആശുപത്രി, കാഞ്ഞിരംകുളം മർമ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടായി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ